# കേരള സർവകലാശാല

നം.പി.ആർ.157/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ആരോഗ്യ ഇൻഷ്വറൻസ്

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) സർവകലാശാല ജീവനക്കാരേയും പെൻഷൻകാരേയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിൻ പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തി അനുബന്ധമായി സർക്കാർ നൽകിയിട്ടുള്ള പ്രൊഫോർമ അനുസരിച്ചു വിവരങ്ങൾ ധനകാര്യ (ഐ.ടി/സോഫ്റ്റ് വെയർ) വകുപ്പ് തയാറാക്കുന്ന ഡാറ്റാ ബേസിൽ അടിയന്തരമായി ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി **kufinance.info** എന്ന സൈറ്റിൽ **Employee Spot/Pension Spot** ൽ നൽകിയിട്ടുള്ള പ്രൊഫോർമയിൽ ജീവനക്കാർക്ക്/പെൻഷൻകാർക്ക് അവരുടേയും ആശ്രിതരുടേയും ഡാറ്റ അപ്‌ലോഡ് ചെയ്യാവുന്നതാണ്. പ്രഫോർമയുടെ പ്രിന്റൗട്ട്, പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 19.07.2018 വൈകുന്നേരം 5.00 മണിക്ക് മുമ്പായി അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്/അക്കൗണ്ട്സ് പെൻഷൻ)-ന് സമർപ്പിക്കേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഡാറ്റ, ഗവൺമെന്റ് സൈറ്റിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനാൽ വിവരങ്ങൾ തെറ്റ് കൂടാതെ കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പെൻഷൻകാർ സൈറ്റിൽ ലോഗിൻ ചെയ്യുന്നതിന്

**User Id: PPO No.**

**Password:** ജനനത്തീയതി **(DD/MM/YYYY)**

ഫാമിലി പെൻഷൻകാർ സൈറ്റിൽ ലോഗിൻ ചെയ്യുന്നതിന് പെൻഷൻ സെക്ഷനുമായി ബന്ധപ്പെടുക (0471-2386297)

### ഒന്നാം വർഷ പി.ജി പ്രവേശനം 2018
### കമ്മ്യൂണിറ്റി മെരിറ്റ് ക്വാട്ട പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2018-19 അദ്ധ്യയന വർഷത്തേക്കുള്ള പി.ജി. കോഴ്സുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ട സീറ്റിലേയ്ക്കുള്ള അപേക്ഷകൾ, ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പ്രിന്റൗട്ടും അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. ഓൺലൈൻ അപേക്ഷയിൽ ബന്ധപ്പെട്ട കോളേജും, കോഴ്സും ഉൾപ്പെടുത്തിയിരിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.07.2018. അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ പി.ജി പ്രവേശനം 2018

## സ്പോർട്സ് ക്വാട്ട പ്രവേശനം 2018

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2018-19 അദ്ധ്യയന വർഷത്തേക്കുള്ള പി.ജി. കോഴ്സുകളിലെ സ്പോർട്സ് ക്വാട്ടയിലേയ്ക്കുള്ള അപേക്ഷകൾ, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. ഓൺലൈൻ അപേക്ഷയിൽ ബന്ധപ്പെട്ട കോളേജും, കോഴ്സും ഉൾപ്പെടുത്തിയിരിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.07.2018. അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## വൈവ വോസി പരീക്ഷ

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ബി.ബി.എ 2013 & 2014 ബാച്ചിന്റെ സപ്ലിമെന്ററി വൈവ വോസി പരീക്ഷ ജൂലൈ 18 ാം തീയതി 10.00 A.M മുതൽ 4.30 P.M വരെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, പാളയം കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വൈവ വോസി പരീക്ഷയ്ക്ക് ഹാജരാകുന്ന വിദ്യാർത്ഥികൾ ഹാൾ ടിക്കറ്റും പ്രോജക്ട് റിപ്പോർട്ടിന്റെ കോപ്പിയും കൊണ്ടു വരേണ്ടതാണ്.

## പരീക്ഷാഫലം

ഫെബ്രുവരിയിൽ നടത്തിയ ബി.എ (ആന്വൽ) അഫ്സൽ-ഉൽ-ഉലാമ ബിരുദ പാർട്ട് I പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 31. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ. തോറ്റ വിദ്യാർത്ഥികൾ ഏപ്രിൽ 2018 സെഷനിലെ പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 19 വരെയും, 50 രൂപ പിഴയോടെ ജൂലൈ 21 വരെയും 125 രൂപ പിഴയോടെ ജൂലൈ 24 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മ പരിശോധന

2017 സെപ്റ്റംബറിൽ നടത്തിയ ബി ആർക്ക് (2013 സ്കീം) നാലാം സെമസ്റ്റർ പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ബി.ആർക്ക് റീവാല്യുവേഷൻ (EJ-X) സെക്ഷനിൽ ജൂലൈ 13 മുതൽ ജൂലൈ 21 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## പ്രവേശന പരീക്ഷ

കേരള സർവകലാശാലയിലെയും യൂണിവേഴ്സിറ്റി കോളേജിലെയും വിവിധ പഠന വകുപ്പുകളിലേക്കും കാര്യവട്ടം ലക്ഷ്മീ ബായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കുമുള്ള എംഫിൽ പ്രോഗ്രാമുകളിലേക്ക് അഡ്മിഷനു വേണ്ടിയുള്ള പ്രവേശന പരീക്ഷ ജൂലൈ 21 മുതൽ 24 വരെ നടക്കുന്നതാണ്. ടൈംടേബിളും ഹാൾടിക്കറ്റും വെബ്സൈറ്റിൽ.

## ടൈംടേബിൾ

2018 ജൂണിൽ നടത്തിയ ബി.കോം ഹിയറിംങ് ഇംപയേർഡ് ആറാം സെമസ്റ്റർ, എട്ടാം സെമസ്റ്റർ പ്രാക്ടിക്കൽ പരീക്ഷ (കംപ്യൂട്ടറൈസിഡ് അക്കൗണ്ടിംഗ്) ജൂലൈ 16 നു രാവിലെയും, പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 16 ന് ഉച്ചയ്ക്ക് ശേഷവും (പ്രോജക്ട് വൈവ) അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിലെ ഒന്നാം വർഷ ബി.പി.എ – വയലിൻ, വീണ ഡിഗ്രി കോഴ്സുകളിൽ എസ്.സി/എസ്.ടി വിഭാഗക്കാർക്കായ് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായ് അപേക്ഷകൾ ക്ഷണിക്കുന്നു. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 17. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം.
12.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098